# നീര ഉത്പാദനത്തിന് അനുമതിയായി

കൊച്ചി: കേരളത്തിൽ നീര ഉൽപ്പാദനത്തിന് മന്ത്രിസഭയുടെ അനുമതി. നാളികേര ബോർഡിനും, നാളികേര ഉൽപ്പാദക സംഘങ്ങൾക്കും, ഫെഡറേഷനുകൾക്കും നീര ഉൽപ്പാദിപ്പിക്കാം. കേരളത്തിലെ നാളികേര കർഷകരുടെ വലിയ സ്വപ്നമാണ് നീരയുത്പാദനം. ബോർഡിന്റെ കീഴിലുള്ള നാളികേര ഉത്പാദക സംഘങ്ങളും ഫെഡറേഷനുകളും വർഷങ്ങളായി ഈ അവസരം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

കർഷകർക്ക് ഒരു തെങ്ങിൽ നിന്ന് മാസം 1500 രൂപ വരെ വരുമാനം ഉറപ്പാക്കുന്ന ഉൽപ്പന്നമാണ് നീര. 2013 സെപ്റ്റംബറിൽ നീര ഉത്പാദനത്തിന് അനുമതി നല്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും, അതിന് എക്സൈസ് നിയമ വകുപ്പുകളുടെ ഉപദേശം ആരായുകയും ചെയ്തിരുന്നു. അബ്കാരി നിയമത്തിലെ ഭേദഗതിയായിരുന്നു തടസം.

ആറുമാസത്തോളമായി നാളികേര വികസന ബോർഡ് നീര സംസ്കരണത്തിന്റെ നൂതന സാങ്കേതിക വിദ്യ വികസിപ്പിച്ചു വരികയാണ്. ഇത് വൈകാതെ നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും സംഘങ്ങൾക്കും കൈമാറും. ഈ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയാവും സംഘങ്ങൾ നീര ഉത്പാദനം നടത്തുക. കളമശേരിയിലെ എസ്സ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസ് ആൻഡ് ബയോടെക്നോളജി റിസേർച്ച് ആൻഡ് ഡവലപ്മെന്റിലും ഇതു സംബന്ധിച്ച ഗവേഷണങ്ങൾ അവസാന ഘട്ടത്തിലാണ്.